കെട്ടിടമുണ്ടാക്കി നവീകരിക്കും എന്നൊരു പ്രഖ്യാപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിരുന്നു. ആ പ്രഖ്യാപനമനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് ഇതിനകം എത്ര പോലീസ് സ്റ്റേഷനുകൾ സ്വന്തമായ കെട്ടിടത്തിലേക്ക് മാറ്റി; ഇനി എത്രയെണ്ണം മാറ്റാൻ ബാക്കിയുണ്ട്; അത് ഘട്ടം ഘട്ടമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സംസ്ഥാനത്ത് ഇപ്പോഴുള്ള പോലീസ് സ്റ്റേഷനുകളിൽ 40-ഓളം പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല, സ്വന്തമായി കെട്ടിടങ്ങളില്ലാത്ത എല്ലാ സ്ഥലങ്ങളിലും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കുവാനുള്ള തീരുമാനം ഗവൺമെന്റ് സ്വീകരിക്കുകയും അതിനുള്ള നിർദ്ദേശം കൊടുക്കുകയും പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്രയുംകാലം ഇവിടത്തെ പ്രധാന പ്രശ്നം പോലീസ്സ്റ്റേഷന് സ്ഥലം ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽനിന്നും വിട്ടുകിട്ടണം എന്നുള്ളതായിരുന്നു. അങ്ങനെ പല സ്ഥലത്തും സ്ഥലം കിട്ടാത്തതുകൊണ്ട് സ്ഥലം ലഭ്യമാകാത്ത സ്ഥലങ്ങളിൽ ഏതെങ്കിലും പ്രത്യേക സ്ഥലമുണ്ടെങ്കിൽ ആ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് പോലീസ്സ്റ്റേഷൻ കെട്ടിടം നിർമ്മിച്ചുകൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനമെടുത്ത് കഴിഞ്ഞിട്ടുണ്ട്.

സോഷ്യൽ ഓഡിറ്റ് സെൽ

2 (*182) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റിനെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സോഷ്യൽ ഓഡിറ്റിലൂടെ പദ്ധതി പ്രവർത്തനത്തിലും മറ്റും കണ്ടെത്തുന്ന അപാകതകൾ പരിഹരിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ ;

(സി) സോഷ്യൽ ഓഡിറ്റിനായി ചേരുന്ന ഗ്രാമസഭകളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ,

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റിനെ സഹായിക്കുവാനായി സംസ്ഥാന തലത്തിൽ 'സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ' രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെല്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിലാണ് സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിലിനെ സഹായിക്കുന്നതിനായി ഒരു ജില്ലാതല റിസോഴ്സ് ടീം ഉണ്ടായിരിക്കുന്നതാണ്. പഞ്ചായത്ത് വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗ്രാമതല സോഷ്യൽ ഓഡിറ്റ് ടീം പ്രവർത്തിക്കുന്നതാണ്.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്തുന്ന അപാകതകൾ പരിഹരിച്ചതിനുശേഷം അതിന്മേലുള്ള റിപ്പോർട്ട് ആറ് മാസത്തിനുശേഷം നടക്കുന്ന അടുത്ത സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മുൻപാകെ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെമേൽ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓംബുഡ്സ്മാൻ സംവിധാനത്തിലൂടെ സോഷ്യൽ ഓഡിറ്റിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ജനപ്രതിനിധികളുടെ മേൽ നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതിയിലെ അപാകതകൾ പരിഹരിക്കുന്നതിനായി വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

(സി) ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശീലനം ലഭിച്ച 15 സന്നദ്ധ പ്രവർത്തകന്മാരടങ്ങുന്ന ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ ടീം പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ 3 സന്നദ്ധ പ്രവർത്തകന്മാരടങ്ങുന്ന ഗ്രാമതല സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിക്കാനുദ്ദേശിക്കുന്നു. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഗ്രാമസഭാ ഫെസിലിറ്റേറ്റേഴ്സ്, ഗ്രാമതല സോഷ്യൽ ഓഡിറ്റ് ടീം, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ എന്നീ സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിൽ ബഹുജന പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, അങ്ങയുടെ കീഴിലുള്ള കില ഇറക്കിയ 'പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും' എന്ന പുസ്തകത്തിലെ ആറാമത്തെ ചാപ്റ്ററിൽ ഒൻപതാമത്തെ പോയിന്റിൽ ഇങ്ങനെ പറയുന്നു, സോഷ്യൽ ഓഡിറ്റിംഗ് ടീമിന്റെ ഒരു വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കി പൊതുസെക്ഷനിൽ അവതരിപ്പിക്കും. ഒൻപതാമത്തെ പോയിന്റ് ഇതാണ്, ഇത്തരത്തിൽ വിവിധ ഗ്രൂപ്പുകളിൽനിന്ന് തരുന്ന റിപ്പോർട്ടുകൾ പൊതുസെക്ഷനിൽ അവതരിപ്പിക്കുന്നു. കേരളത്തിലെ എല്ലാ ത്രിതല പഞ്ചായത്തുകളിലും നടക്കുന്ന പദ്ധതികളെപ്പറ്റി ഇങ്ങനെയൊരു റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഇപ്പോൾ സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കിയിട്ടുള്ളത് തൊഴിലുറപ്പ് പദ്ധതിയിലാണ്. പഞ്ചായത്തുകളിൽ അത് നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടിയെന്നുള്ള നിലയ്ക്ക് അഞ്ച് പഞ്ചായത്തുകൾ സെലക്ടുചെയ്ത് പരിശീലനം കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. സംസ്ഥാനത്തുടനീളം നടക്കുന്നത് തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചുള്ളതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, അങ്ങ് അനുബന്ധമായി വച്ചിരിക്കുന്ന 2011 ജനുവരി 7-ലെ സർക്കുലറിൽ രണ്ടാമത്തെ മെയിൻ പോയിന്റ് എ-യിൽ പ്രവൃത്തി മൂല്യനിർണ്ണയവും ബില്ലും; ഇതിനകത്ത് പറഞ്ഞിരിക്കുന്നത് വിവിധ വകുപ്പ് എഞ്ചിനീയർമാർ, അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസിയർമാർ, നിർവ്വഹണ ഉദ്യോഗസ്ഥൻമാർ എന്നിവർ ഉറപ്പുവരുത്തണം. അങ്ങനെയാണെങ്കിൽപഞ്ചായത്ത് മെമ്പർമാരോ അല്ലെങ്കിൽ പഞ്ചായത്ത് പ്രസിഡന്റോ ത്രിതല പഞ്ചായത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോ കൂടി കണ്ട് ബോധ്യപ്പെടുത്തുക എന്നൊരു പ്രസ്ഥാനം ഇതിൽ കൊണ്ടുവരികയാണെങ്കിൽ പണി കുറച്ചുകൂടി ഭംഗിയായി നടക്കുകയില്ലേ ; അങ്ങനെ കൊണ്ടുവരാൻ സാധിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, വിവിധ വകുപ്പ് എഞ്ചിനീയർമാർ, അക്രഡിറ്റഡ് എഞ്ചിനീയർ, ഓവർസീയർമാർ, നിർവ്വഹണ ഉദ്യോഗസ്ഥന്മാർ എന്നിവർ അടങ്ങുന്നതാണ് ഈ കമ്മിറ്റി. അത്തരത്തിലുള്ള കാര്യങ്ങൾ ആറു മാസം കഴിഞ്ഞ് കൂടുന്ന ജില്ലാതല കമ്മിറ്റികളിൽ ഇതിനെ സംബന്ധിച്ചിടത്തോളം ആവശ്യമായിട്ടുള്ള പരിശോധന നടക്കുന്നുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പഞ്ചായത്ത് രാജ് നഗരപാലികാ നിയമം ഏറ്റവും ശക്തമായി പരിപോഷിപ്പിച്ച് നടപ്പിലാക്കിയിട്ടുള്ളത് കേരളത്തിലാണ്. അതിന്റെ ഭാഗമായുള്ള അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും സ്ത്രീ മുന്നേറ്റവുമൊക്കെ കേരളത്തിൽ സാധ്യമാക്കാൻ കഴിയുകയും കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് അവാർഡ് നൽകുകയുമൊക്കെ ചെയ്തിട്ടുണ്ട്. ഗ്രാമസഭകളാണ് ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും ഉറപ്പാക്കുന്ന വേദികളായി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഗ്രാമസഭകളിലെ ഹാജർ കുറവാണ്. സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിനുവേണ്ടി ഒരു വർഷത്തിൽ എത്ര പ്രാവശ്യം ഗ്രാമസഭ ചേരണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; ഗ്രാമസഭകളിലെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഗ്രാമസഭകൾ ആദ്യഘട്ടത്തിലുണ്ടായിരുന്നത്ര സജീവമായി ഇപ്പോൾ കാണുന്നില്ലായെന്നുള്ള പരാതി പൊതുവിലുണ്ട്. അതുപരിഗണിച്ച് ആ കുറവ് പരിഹരിക്കുന്നതിനുവേണ്ടി വളരെ സംഘടിതമായി ഒരു പ്രവർത്തനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽ കൂടുതൽ ആളുകളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് അതാത് പ്രദേശത്ത് നടക്കുന്ന പ്രവർത്തനങ്ങളെ സമഗ്രമായി വിലയിരുത്താൻ അതുവഴി സാധിക്കുമെന്നുള്ളതാണ് ഗവൺമെന്റ് കരുതുന്നത്. അതിന്റെ ഇന്നുള്ള ശോച്യാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, കേന്ദ്ര ഗവൺമെന്റ് ഓരോ ദിവസവും അഴിമതിയിൽ മുങ്ങിത്താഴുന്ന സമയത്ത് കേരളം അഴിമതി വിമുക്തമായി നിൽക്കുന്നതിൽ സോഷ്യൽ ഓഡിറ്റിംഗ് പോലെയുള്ള സംവിധാനങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായി ക്രമരഹിതവും അഴിമതി നിറഞ്ഞതുമായിട്ടുള്ള ചില കാര്യങ്ങൾ ചില തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ

ഭാഗത്തുനിന്നുമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെടുന്നുണ്ട്. എന്നാൽ ഇത് പരിഹരിക്കുന്നതിനോ ഇതിനാവശ്യമായിട്ടുള്ള കേസ് എടുക്കുന്നതിനോ ഉള്ള സംവിധാനം നിലവിലില്ല. ഈ സാഹചര്യത്തിൽ സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായി കണ്ടെത്തുന്ന അഴിമതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേകമായിട്ടുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, അത്തരം പരാതികൾ പരിശോധിക്കുന്നതിന് ഓംബുഡ്സ്മാന് അധികാരം കൊടുത്തിട്ടുണ്ട്. ഓംബുഡ്സ്മാൻ അത് പരിശോധിക്കുന്നുണ്ട്. പല ഒറ്റപ്പെട്ട സംഭവങ്ങളാണെന്നുണ്ടെങ്കിലും ചിലയിടത്ത് നടക്കുന്ന സംഭവങ്ങളിൽ ആവശ്യമായിട്ടുള്ള ശിക്ഷണ നടപടികളും ആ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഇനിയും കൂടുതൽ കാര്യക്ഷമമായ രീതിയിൽ അതിനെ പ്രവർത്തിപ്പിക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. സി. എം. ദിനേശ് മണി : സർ, ജില്ലാതലത്തിൽ ഓംബുഡ്സ്മാനെ നിയമിക്കുമെന്ന് പറയുന്നുണ്ട്. ജില്ലാതലത്തിൽ ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ടോ ; ജില്ലാതലത്തിൽ രൂപീകരിക്കുന്ന ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിലിൽ 30 സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തുമെന്നാണ് പറയുന്നത്. 30 സന്നദ്ധ പ്രവർത്തകരിൽ അഴിമതിരഹിതരായി പ്രവർത്തിച്ച് റെക്കോർഡുള്ള, റിട്ടയർ ചെയ്ത എഞ്ചിനീയർമാർ, ഓഡിറ്റ് ഓഫീസർമാർ എന്നിവരേയുംകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിന് ജില്ലാതലത്തിൽ ഓംബുഡ്സ്മാനെ നിയമിച്ചിട്ടുണ്ട്. പഞ്ചായത്തിനെ സംബന്ധിച്ച് ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. പരിശീലനം കൊടുക്കുന്നതിനുവേണ്ടി ആദ്യമായി അഞ്ച് പഞ്ചായത്തുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. അതുകഴിഞ്ഞ് സംസ്ഥാന വ്യാപകമായി ആ സംവിധാനം വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, കേന്ദ്ര ഗ്രാമീണവകുപ്പ് മന്ത്രി വിലാസ്റാവു ദേശ്മുഖ് വന്നപ്പോൾ പ്രസ്താവിച്ചത് ഗ്രാമസഭകൾ ശക്തിപ്പെടുത്തണമെന്നാണ്. നമ്മുടെ ഗ്രാമസഭകൾ സോഷ്യൽ ഓഡിറ്റിന്റേതായാലും വളരെ ചെറിയ പങ്കാളിത്തത്തോടുകൂടിയാണ് നടക്കുന്നത്. ഞങ്ങളുടെ ഗ്രാമത്തിൽ പറയുന്നത് അത് ബി.പി.എൽ.കാരുടെ കൂട്ടായ്മയാണെന്നാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകൾമാത്രം പങ്കെടുക്കുന്നതാണ് ഗ്രാമസഭയെന്നുള്ള ഒരു സ്ഥിതി ഇന്ന് വന്നിരിക്കുകയാണ്. എ.പി.എൽ. ഉം അതുപോലെതന്നെ ഉദ്യോഗസ്ഥരുമൊക്കെ പങ്കെടുക്കുന്ന സോഷ്യൽ ഓഡിറ്റ് കൃത്യമായി നടക്കാത്തതുകാരണം വകുപ്പ് ഉദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. അതാത് പ്രദേശത്തെ എം.എൽ.എ./എം.പി., ഉദ്യോഗസ്ഥർ, മറ്റ് ഇടത്തരക്കാർ എല്ലാ ആളുകളും നിർബന്ധമായും അതാത് ഗ്രാമസഭയിൽ പങ്കെടുക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടാക്കാനും ആ വിധത്തിൽ ഗ്രാമസഭയെ ശക്തിപ്പെടുത്താനും അതിന് എന്തെങ്കിലും ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഏതൊരു പഞ്ചായത്തായാലും ആ പഞ്ചായത്തിന്റെ നാനാരംഗത്തുള്ള വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്ന വേദിയായി ഗ്രാമസഭകൾ മാറണം. അല്ലാതെ ആനുകൂല്യം ലഭിക്കുന്നവരുടെ ഒരു സഭയായി മാറാൻ പാടില്ല ആ അടിസ്ഥാനത്തിൽ അതിനെ അംഗീകരിക്കണം. അതിനാവശ്യമായ തരത്തിൽ ആളുകളെ പങ്കെടുപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പകർന്നുകിട്ടിയ അധികാരങ്ങൾ പൂർണ്ണമായും വിനിയോഗിക്കുന്നില്ലായെന്ന് ചിലപ്പോൾ തോന്നാറുണ്ട്. ഗ്രാമങ്ങളിലും നഗരങ്ങളിലുമെല്ലാം ചുവരുകളിൽ സിനിമകളുടെയും മറ്റും അശ്ലീല പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയാണ്. അതുപോലെതന്നെ വിദ്യാലയങ്ങളുടെ പരിസരത്ത് പാൻമസാലപോലുള്ള സാധനങ്ങൾ വിതരണം ചെയ്യുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഒരു ഘട്ടത്തിൽ ഈ ആരോപണങ്ങൾ ഉന്നയിച്ച സമയത്ത് അശ്ലീല പോസ്റ്ററുകൾ പ്രദർശിപ്പിക്കാതിരിക്കാൻ ഗ്രാമപഞ്ചായത്തിന്റെയും നഗരസഭയുടെയും മുദ്രയോടുകൂടി മാത്രമേ ഇത്തരം പോസ്റ്ററുകൾ പ്രദർശിക്കാവൂവെന്ന് പറഞ്ഞിരുന്നു. എങ്കിലും അത് പാലിക്കുന്നില്ല. അതിന് കർശനമായിട്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഇത്തരം കാര്യങ്ങളിൽ പഞ്ചായത്തുകളുടെ പ്രത്യേക ശ്രദ്ധ വേണ്ടതുപോലെ പതിയുന്നില്ലായെന്ന പരാതിയുണ്ട്. അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, തൊഴിലുറപ്പ് പദ്ധതിയുടെ അപാകതകൾ ഒഴിവാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. തൊഴിലുറപ്പ് പദ്ധതിയുടെ കൂടിശ്ശിക കൊടുക്കണ്ടായെന്ന ഉത്തരവിന്റെ കാര്യം ഇന്നലെ ഞാൻ സൂചിപ്പിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് തരുന്ന പണം അതിന് അർഹരായവർക്ക് കിട്ടത്തക്ക വിധത്തിൽ ആ ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, കൂടിശ്ശിക കൊടുക്കണ്ടായെന്നുള്ളതല്ല. ഉത്തരവ് വന്ന ഘട്ടത്തിൽ ആ സമയത്ത് വേതനം വാങ്ങുന്നതിനുവേണ്ടി വന്നിട്ടുള്ള മുഴുവൻ ആളുകൾക്കും പിൻകാല പ്രാബല്യം വച്ചുകൊണ്ടുതന്നെ കൊടുത്തിട്ടുണ്ട്. രണ്ടാമത് അപേക്ഷിക്കേണ്ടതിന് ബാക്കിയുള്ള ആളുകളുടെ ലിസ്റ്റെടുത്തിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിച്ച അന്നുമുതൽക്കുള്ള മുഴുവൻ ആളുകൾക്കും തൊഴിലുറപ്പ് പദ്ധതിയുടെ കൂടിശ്ശിക തുക കൊടുക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെയാണെങ്കിൽ ആ ഉത്തരവ് തിരുത്തേണ്ടിവരും. ഞാൻ ഇന്നലെ കാണിച്ച 02/02 -ന് ഇറക്കിയ ഉത്തരവിൽ ഇതുവരെ തുക കൊടുക്കാത്തവർക്ക് 01/01 വച്ചുകൊടുക്കുവാനും കൊടുത്തവർക്ക് (01/01 മുതൽ 02/02 വരെ വേതനം വാങ്ങിയിട്ടുള്ളവർക്ക്) ഇനിയുള്ള ദിവസങ്ങളിൽ കൊടുത്താൽ മതിയെന്നുമാണ് ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ആ ഉത്തരവ് പിൻവലിക്കണം.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, തൊഴിലുറപ്പ് പദ്ധതിയിൽ വേതനം കിട്ടാത്ത ആളുകൾക്ക് ഈ ഉത്തരവ് വന്നതിനുശേഷം ജോലിയെടുത്തിട്ടുള്ളതിന് അരിയേഴ്സ് കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, അതിന് പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടിവരും. കാരണം തൊഴിലുറപ്പ് പദ്ധതിയിൽ വേതനം നൽകുന്നത് കേന്ദ്ര സർക്കാരിന്റെ കമ്പ്യൂട്ടറൈസ്ഡ് എം.ഐ.എസ്. വഴിയാണ്. അതിൽ കൂടിശ്ശിക കൊടുക്കുന്നതിനുള്ള പ്രൊവിഷനില്ല. അത് സംബന്ധിച്ച് ചർച്ച നടത്തിവരികയാണ്. അതാണ് യാഥാർത്ഥ്യം. അത് നിശ്ചയമായിട്ടും കേരള സർക്കാർ ടേക്ക്അപ്പ് ചെയ്യുകയും അത് കൊടുക്കാനുള്ള പരിശോധന നടത്തുകയും ചെയ്യുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, രണ്ട് മന്ത്രിമാർ രണ്ട് ഉത്തരം പറയുന്നത് ശരിയാണോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, കേന്ദ്ര ഗവൺമെന്റ് 150 രൂപയാക്കിയ ഓർഡറിൽ തന്നെ 1-1-2011 മുതൽ ഇതിന് പ്രാബല്യമുണ്ടായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആ സാഹചര്യത്തിൽ ഈ പണിയെടുക്കുന്നവർക്ക് ആ കുടിശ്ശിക കിട്ടാൻ അർഹതയില്ലേ ?

ഡോ. തോമസ് ഐസക് : അർഹതയുണ്ട്. അതിന് യാതൊരു സംശയവുമില്ല. പക്ഷേ ഈ ഉത്തരവ് ഇറക്കിയ കേന്ദ്ര സർക്കാരിന്റെ എം.ഐ.എസ്.-ൽ അതിനുള്ള പ്രൊവിഷനില്ല. കേന്ദ്ര ഗ്രാമ വികസന വകുപ്പ് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഉത്തരവ് ഇറക്കിയിട്ടുള്ളത്. പിന്നീട് അതിനുള്ള സംവിധാനമുണ്ടാക്കിയ ശേഷം ഇത് പരിഗണിക്കും.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : ആരും എതിരല്ല. ജോലിയെടുത്തിട്ടുള്ള ആളുകൾക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള തീയതി മുതൽക്ക് ആനുകൂല്യം കൊടുക്കണമെന്നുള്ളത് കേരള ഗവൺമെന്റിന്റെ നിലപാടാണ്.

മത്സ്യത്തൊഴിലാളികൾക്കുള്ള ജീവൻ സുരക്ഷാ പദ്ധതി

3 (*183) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ബാബു പോൾ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിന് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര സുരക്ഷാ കിറ്റുകൾ ഈ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട് ;

(സി) ഈ സുരക്ഷാ കിറ്റുകളിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly